വുപോലെ, ഹൃദ്യമായ മര്യാദയോടെ ഈ പത്രപ്രവർത്തകരോട് ചൈനക്കാർ പെരുമാറി. ചൈനയിലെ ബഹുജനങ്ങൾക്കിടയിൽ ആവേശത്തള്ളലൊന്നും പത്രപ്രതിനിധികൾ കണ്ടില്ല. ബഹുജനങ്ങളുമായി അടുക്കാൻ ഇന്ത്യൻ പത്രപ്രവർത്തകർ ശ്രമിച്ചതായും അറിവില്ല. ഏതായാലും അവർ ധാരാളം എഴുതി. ആകാശക്കോട്ട, മനപ്പായസം, അതിമോഹം എന്നൊക്കെ വിവരിക്കാവുന്ന പലതും ഈ ഡിസംബറിന്റെ രണ്ടാം പകുതിയിൽ, ഇന്ത്യ–ചീനാ ബന്ധത്തിലെ പുതിയ സാദ്ധ്യതകളെപ്പററി ഇന്ത്യൻ പത്രങ്ങളിൽ നാം വായിക്കുകയുണ്ടായി.

തുടക്കത്തിൽ പറഞ്ഞപോലെ, ഇന്ത്യയും ചീനയുമിടയിൽ മൂന്നു പതിററാണ്ടുകളായി നിലനിന്നുവരുന്ന സംഘർഷത്തിൽ, രാജീവ്ഗാന്ധിയുടെ സന്ദർശനം നിമിത്തം, ഗണ്യമായ അയവ് ഉണ്ടായിട്ടുണ്ട് എന്നതിൽ തർക്കമില്ല. മുപ്പത്തിനാലു വർഷങ്ങൾക്കുശേഷം ഇന്ത്യയിലെ ഒരു പ്രധാനമന്ത്രി ചൈന സന്ദർശിച്ചു എന്നതുതന്നെ വലിയ ഒരു കാര്യമാണ്. പരസ്പരം താല്പര്യമുള്ള വിഷയങ്ങളെപ്പററി ഇന്ത്യയുടെയും ചൈനയുടെയും ഉദ്യോഗസ്ഥന്മാർ തമ്മിൽ ഇനി സംഭാഷണങ്ങൾ നടക്കും. വിട്ടുവീഴ്ചകൾ ചെയ്യേണ്ടിവരിക, സ്വാഭാവികമായും ബലം കുറഞ്ഞ കക്ഷിയായ ഇന്ത്യയായിരിക്കും. ചെയ്യാവുന്ന വിട്ടുവീഴ്ചകൾ ചെയ്യാൻ തയ്യാറാവുന്നതോടൊപ്പം രാഷ്ട്രഹിതമെന്ന അടിസ്ഥാനമൂല്യത്തിൽനിന്നു വ്യതിചലിക്കാതിരിക്കാനും നാം ജാഗ്രത കാണിക്കണം. രാഷ്ട്രങ്ങൾക്ക സ്ഥിരമായ മിത്രത്വമോ ശത്രുത്വമോ ഇല്ല; ഉള്ളതു സ്ഥിരമായ ഹിതം മാത്രമാണെന്ന വസ്തുത നമുക്ക മറക്കാതിരിക്കുക.

25 ഡിസംബർ, 1988

# 27. ബൈജിങ്ങിലെ കൂട്ടക്കൊല

സമകാലലോകചരിത്രത്തിൽ ഏററവും കറുത്ത ലിപികളിൽ എന്നെന്നേക്കുമായി രേഖപ്പെടുത്തേണ്ട ഒരു ദാരുണസംഭവമായിരുന്നു, ചൈനയുടെ തലസ്ഥാനമായ ബൈജിങ് നഗരത്തിന്റെ കേന്ദ്രമായ തിയാനൻമെൻചത്വരത്തിൽ 1989 ജൂൺ 4–ാം തീയതി ഞായറാഴ്ച അതിരാവിലെ നടന്ന കൂട്ടക്കൊല. അവിടെ യന്ത്രത്തോക്കുകൾകൊണ്ടും റൈഫിളുകൾകൊണ്ടും വെടിവെച്ചും ടാങ്കുകൾ ഓടിച്ചു കയററി ചതച്ചരച്ചും മനുഷ്യരെ കൂട്ടക്കൊലചെയ്തതു് ചൈനീസ് ജനകീയ വിമോചനസേന (പീപ്പിൾസ് ലിബറേഷൻ ആർമി—പി. എൽ. എ.) ആയിരുന്നു; കൊല്ലപ്പെട്ടതു നിരായുധരായ ചൈനീസ് വിദ്യാർത്ഥികളും. പതിനായിരത്തിലേറെ പട്ടാളക്കാർ ഈ കൂട്ടക്കൊലയിൽ പങ്കാളികളായിരുന്നു എന്നും മരിച്ച വിദ്യാർത്ഥികളുടെ സംഖ്യ രണ്ടായിരത്തഞ്ഞൂറോളം വരുമെന്നും ജൂൺ 12–ാം തീയതിയിലെ 'ടൈം' വാരിക റിപ്പോർട്ടുചെയ്തിട്ടുണ്ട്. സത്യം ആർക്കും അറിവില്ല; ഒരിക്കലും അറിയപ്പെടുകയുമില്ല.

നിരായുധരെങ്കിലും വിദ്യാർത്ഥികൾ ഏതാണ്ട ഒരു മാസത്തോളം ദിവസങ്ങളായി തിയാനൻമെൻചത്വരത്തിൽ സമ്മേളിച്ച സമാധാനപരമായ പ്രകടനങ്ങൾ നടത്തിവരികയായിരുന്നു. 1949 ഒക്ടോബർ ഒന്നാംതീയതി ജനകീയ റിപ്പബ്ലിക് സ്ഥാപിക്കപ്പെട്ടതുമുതൽ ചൈനയിൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ ഏകാധിപത്യ ഭരണമാണ പുലർന്നുപോരുന്നതു്. പാർട്ടിയും ഗവണ്മെൻറും അവിടെ രണ്ടല്ല; ഒന്നാണ്. അധികാരദുർവിനിയോഗം, സ്വജനപക്ഷപാതം മുതലായ പല അഴിമതികളും അവിടെ കമ്മ്യൂണിസ്റ്റ്പാർട്ടിക്കകത്തും ഗവൺമെൻറിലും നിലനിൽക്കുന്നുണ്ടെന്നും ഈ അഴിമതികൾ അവസാനിപ്പിക്കണമെന്നുമായിരുന്നു പ്രകടനം നടത്തി വന്നിരുന്ന വിദ്യാർത്ഥികളുടെ ഒരു ആവശ്യം. അഴിമതി നിരോ

ധനം സാദ്ധ്യമാക്കുന്നതിനായി സ്വതന്ത്ര പത്രപ്രവർത്തനം അനുവദിക്കണമെന്നും അവർ ആവശ്യപ്പെട്ടു. ഇപ്പോഴത്തെ ഏകാധിപത്യവ്യവസ്ഥിതിയുടെ സ്ഥാനത്ത് ജനാധിപത്യവ്യവസ്ഥിതി നടപ്പിൽവരുത്തണമെന്ന ആവശ്യവും അവർ ഉന്നയിച്ചു. ജനാധിപത്യം എന്നാൽ എന്താണെന്ന ധാരണ അവർക്ക് ഉണ്ടായിരുന്നുവോ എന്നു സംശയമാണ്. ചൈനയിൽ ഇപ്പോൾ ജീവിക്കുന്ന ആർക്കും ജനാധിപത്യത്തിന്റെ അനുഭവം ഇല്ലല്ലൊ. ഇപ്പോഴത്തെ വ്യവസ്ഥിതിയെ പാടേ മാററി പുതിയൊരു വ്യവസ്ഥിതി നടപ്പിൽവരുത്തുക എന്നതായിരുന്നു പ്രകടനം നടത്തിയിരുന്ന ചൈനീസ് വിദ്യാർത്ഥികളിൽ ബഹുഭൂരിപക്ഷത്തിന്റെയും ജനാധിപത്യസങ്കല്പം.

ഇതിനുമുമ്പ്, 1966 മുതൽ 1976 വരെ ചൈനയിൽ നടന്ന സാംസ്കാരിക വിപ്ലവത്തിലും പ്രധാനമായ പങ്കുവഹിച്ചതു വിദ്യാർത്ഥികളായിരുന്നു. കമ്യൂണിസ്റ്റ് പാർട്ടിയിലും ഗവൺമെൻറിലും ഉണ്ടെന്നു കരുതപ്പെട്ടിരുന്ന അഴിമതികൾക്കും തെററായ പ്രവണതകൾക്കും എതിരായിരുന്നു ആ 'വിപ്ലവം'. അതിനു നേതൃത്വം നൽകിയതു് മാവോ സിഡോങ്ങ് ആയിരുന്നു. മുതലാളിത്തത്തിന്റെ എല്ലാ സമ്പ്രദായങ്ങളും തുടച്ചുമാററി, വ്യാവസായികോൽപാദനത്തെയും കൃഷിയെയും അതിപ്രാകൃതാവസ്ഥയിലേക്കു തിരിച്ചുവിടാൻ ഉദ്ദേശിച്ചുള്ള 'സാംസ്കാരിക വിപ്ലവം' ആധുനികവിജ്ഞാനത്തിനുകൂടി എതിരായിരുന്നു. വ്യാവസായികമായും രാഷ്ട്രീയമായും സാമൂഹ്യമായും ചൈനയെ എത്രയോ ദശാബ്ദങ്ങൾ പുറകിലേക്കു തള്ളിനീക്കുകയാണ് സാംസ്കാരികവിപ്ളവംചെയ്തതെന്ന വസ്തുത ഇപ്പോൾ പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

1950-ൽ ചൈനീസ് കമ്യൂണിസ്റ്റ്പാർട്ടിയുടെ സെക്രട്ടറി ജനറൽ ആയിത്തീന്ന ഡെങ്ങ്സ്യാവോപിങ് സാംസ്കാരിക വിപ്ലവകാലത്ത് ആ പദവിയിൽ നിന്നു് ഡിസ്മിസ്ചെയ്യപ്പെട്ടു. വേറെയും പല അപമാനങ്ങൾ ഡെങ്ങിനു് അക്കാലത്തു സഹിക്കേണ്ടിവന്നു. എന്നാൽ, 1970-കളിൽ പ്രധാനമന്ത്രിയായിരുന്ന ചൗ എൻ ലായിയുടെ സഹായത്തോടെ ഡെങ്ങ് വീണ്ടും പൊതുരംഗത്തിലേക്കു തിരിച്ചുവന്നു. 1976-ൽ ചൗ എൻലായ് മരിക്കുമ്പോൾ ഡെങ്ങ് ഡെപ്യൂട്ടി പ്രധാനമന്ത്രിയായിരുന്നു. അതേ ആണ്ടിൽ മാവോ സിഡോങ്ങ് മരിച്ചതോടെ ചൈനീസ് കമ്യൂണിസ്റ്റ്പാർട്ടിയിൽ ഡെങ്ങിന്റെ സ്വാധീനം വർദ്ധിച്ചു. 1979-ൽ ഡെങ്ങ് ചൈനയിലെ വ്യവസായങ്ങളെ ഏറെക്കുറെ മുതലാളിത്ത രീതിയിൽ പുനസ്സംഘടിപ്പിക്കാൻ തുടങ്ങി. ഇതിന്റെ ഫലമായി, ആണ്ടുതോറും ഏറെക്കുറെ പത്തു ശതമാനം സാമ്പത്തികാഭിവൃദ്ധി നേടാനും പ്രതിശീർഷ വരുമാനത്തിൽ ഗണ്യമായ വർദ്ധന കൈവരിക്കാനും ചൈനയ്ക്കു കഴിഞ്ഞു. 1981 ആയപ്പോഴേക്കും ഡെങ്ങ് മിക്കവാറും ചൈനയുടെ സർവാധിപതിയായിത്തീന്നു. 1988-ൽ, 84-ാം വയസ്സിൽ താൻ ഗവൺമെൻറിൽ വഹിച്ചിരുന്ന മിക്ക പദവികളും ഡെങ്ങ് വിട്ടൊഴിഞ്ഞു. കേന്ദ്ര മിലിട്ടറി കമ്മീഷന്റെ അദ്ധ്യക്ഷൻ എന്ന മർമപ്രധാനമായ സ്ഥാനം മാത്രം അപ്പോഴും അദ്ദേഹം വഹിച്ചു.

സാമ്പത്തികരംഗത്തിൽ മുതലാളിത്തസമ്പ്രദായങ്ങൾ പുനഃസ്ഥാപിക്കപ്പെട്ടതോടെ നികുതിവെട്ടിപ്പ്, കോഴ, നിർബന്ധപ്പിരിവ്, നിയമവിരുദ്ധമായി വ്യാജ ഉല്പന്നങ്ങളുടെ നിർമാണം മുതലായ ദുർനടപടികൾ ചൈനയിൽ സാധാരണമായി. സുഖഭോഗവസ്തുക്കളിൽ, പ്രത്യേകിച്ചു വിദേശനിർമിതവസ്തുക്കളിൽ, ജനങ്ങൾക്കു പ്രിയം ഏറിവന്നു. നാണയപ്പെരുപ്പം നിമിത്തം അവശ്യസാധനങ്ങളുടെ വില വർദ്ധിച്ചു; അവ കിട്ടുക പ്രയാസമായിത്തീർന്നു. ചിലർ പെട്ടെന്നു പണക്കാരായി. പണക്കാരും പാവങ്ങളും തമ്മിലുള്ള അന്തരം വർദ്ധിച്ചു. 1988 മാർച്ചിൽ ചേർന്ന നാഷണൽ പീപ്പിൾസ് (പാർലമെൻറ്) സമ്മേളനത്തിൽ, അന്നു് ആക്റ്റിങ്ങ് പ്രധാനമന്ത്രിയായിരുന്ന ലീപെങ്ങ് സമർപ്പിച്ച റിപ്പോർട്ടിൽ ഇക്കാര്യങ്ങളെല്ലാം എടുത്തു പറഞ്ഞിരുന്നു.

1987-ൽ കൂടുതൽ സ്വാതന്ത്ര്യത്തിനുവേണ്ടി വിദ്യാർത്ഥികൾ ചൈനയിൽ പലടത്തും പ്രകടനം നടത്തിത്തുടങ്ങി. കമ്യൂണിസ്റ്റുപാർട്ടിയുടെ ജനറൽ

സെക്രട്ടറി ആയിരുന്ന ഹുയാവോബാങ്ങിന് ഈ വിദ്യാർത്ഥികളോട് അനുകൂലമുള്ളതായി സംശയിക്കപ്പെട്ടതിനെ തുടർന്ന് 1987 ഒക്ടോബറിൽ ആ പദവിയിൽ നിന്ന് ഹു നിഷ്കാസിതനായി. സാവോസിയാങ്ങ് പാർട്ടി സെക്രട്ടറി സ്ഥാനത്തു പ്രതിഷ്ഠിക്കപ്പെട്ടു. എങ്കിലും കമ്യൂണിസ്റ്റുപാർട്ടിയുടെ പോളിററ് ബ്യൂറോവിൽ അംഗത്വം ഹുയാവോബാങ്ങ് നിലനിർത്തി. ഇതോടെ വിദ്യാർത്ഥികൾക്കിടയിൽ ഹു കൂടുതൽ സമാദരണീയനായി. ഹുയാവോബാങ്ങും സാവോസിയങ്ങും ഡെങ്ങ്സ്യാവോപിങ്ങിൻെറ വിശ്വസ്ത സഹായികളായിരുന്നു എന്ന വസ്തുതയും ഓർമിക്കേണ്ടതുണ്ട്.

1989 ഏപ്രിൽ 15–ാം തീയതി ഹുയാവോബാങ്ങ് മരിച്ചു. അദ്ദേഹത്തിൻെറ മരണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നതിന് ബെയ്ജിങ്ങിലെ വിദ്യാർത്ഥികൾ തിയാനൻമെൻചത്വരത്തിൽ സമ്മേളിക്കാൻ തുടങ്ങി. കൂടുതൽ ജനാധിപത്യസ്വാതന്ത്ര്യങ്ങൾ ആവശ്യപ്പെടാൻ അവർ ഈ അവസരം ബോധപൂർവ്വം ഉപയോഗപ്പെടുത്തി. ന്യൂയോർക്കിലെ സ്വാതന്ത്ര്യപ്രതിമയെ അനുസ്മരിപ്പിക്കുന്ന ഒരു പ്രതിമ അവർ തിയാനൻമെൻചത്വരത്തിൽ സ്ഥാപിച്ചു (പട്ടാളക്കാർ പിന്നീട് ഇതു് എടുത്തുമാററി). അവശേഷിച്ച പദവികൾകൂടി വൃദ്ധനായ ഡെങ്ങ് സ്യാവോ പിങ്ങ് ഉപേക്ഷിക്കണമെന്നും തങ്ങളുടെ ആവലാതികൾ കേൾക്കാൻ തയ്യാറല്ലാത്ത പ്രധാനമന്ത്രി ലീപെങ്ങ് രാജിവയ്ക്കണമെന്നും അവർ ആവശ്യപ്പെട്ടു.

ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ മുഖപത്രമായ 'പീപ്പിൾസ് ഡെയ്‌ലി' വിദ്യാർത്ഥികളെ അധിക്ഷേപിക്കുന്ന ഒരു പത്രാധിപലേഖനം ഏപ്രിൽ 26–ാം തീയതി പ്രസിദ്ധീകരിച്ചതു് വിദ്യാർത്ഥികളെ കൂടുതൽ പ്രകോപിപ്പിച്ചു. ഈ മുഖലേഖനം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് ഒന്നരലക്ഷം ജനങ്ങൾ തിയാനൻമെൻചത്വരത്തിൽ പ്രകടനം നടത്തി. വിദ്യാർത്ഥികൾക്കു പുറമെ മററു ജനവിഭാഗങ്ങളും ഈ പ്രതിഷേധപ്രകടനത്തിൽ പങ്കുകൊണ്ടു. തുടർന്നു വിദ്യാർത്ഥികൾ തിയാനൻമെൻചത്വരത്തിൽ ഒരു കൂട്ട നിരാഹാരം ആരംഭിച്ചു.

1959–മുതൽ ശത്രുക്കളെപ്പോലെയാണ് സോവിയററ് യൂനിയനും ചൈനയും പരസ്പരം പെരുമാറുന്നതു്. ഈ രണ്ടു സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾക്കിടയിലുള്ള ബന്ധം സാധാരണനിലയിലാക്കുന്നതിനു യാതൊരു തടസ്സവും ഇപ്പോൾ ഇല്ല. ചൈനയുമായി ബന്ധം പുനഃസ്ഥാപിക്കുകയെന്ന ലക്ഷ്യത്തോടെ സോവിയററ് കമ്യൂണിസ്റ്റ് പാർട്ടിയുടെ ജനറൽ സെക്രട്ടറി മിഖായേൽ ഗോർബച്ചേവ് 1989 മെയ് മധ്യത്തിൽ ബെയ്ജിങ്ങിലെത്തിയപ്പോൾ തിയാനൻമെൻചത്വരത്തിൽ വിദ്യാർത്ഥികൾ നിരാഹാരവും പ്രകടനങ്ങളും നടത്തുകയായിരുന്നു. ജനാധിപത്യത്തിൻെറ സന്ദേശവാഹകനെന്ന നിലയിൽ ഗോർബച്ചേവിനെ വാഴ്ത്തുന്ന പരസ്യഫലകങ്ങൾ വിദ്യാർത്ഥികൾ പ്രദർശിപ്പിച്ചിരുന്നു. വിദ്യാർത്ഥികളുടെ പ്രകടനങ്ങൾ നിമിത്തം മുൻകൂട്ടി നിശ്ചയിച്ച പല പൊതുപരിപാടികളിലും പങ്കെടുക്കുന്നതിന് ഗോർബച്ചേവിനു സാധിക്കാതെവന്നു.

വിദ്യാർത്ഥികളുടെ പ്രകടനങ്ങൾ ഉടനെയിൽത്തന്നെ തള്ളപ്പെട്ടില്ല. മറിച്ച്, ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടി സെക്രട്ടറിയായിരുന്ന സാവോസിയാങ്ങ് വിദ്യാർത്ഥികളെ സന്ദർശിക്കുകയും അവരോട് അനുഭാവം രേഖപ്പെടുത്തുകയും ചെയ്തു. ഇതിനെത്തുടർന്ന് സാവോസിയാങ്ങിനെ ജനറൽ സെക്രട്ടറിസ്ഥാനത്തുനിന്നു നീക്കുകയും പ്രധാനമന്ത്രി ലീപെങ്ങ് ആ സ്ഥാനം ഏറെറടുക്കുകയും ചെയ്തതായി റിപ്പോർട്ടുണ്ട് (സാവോസിയാങ്ങ് തടവിലാണെന്നും കേൾക്കുന്നു).

ഗോർബച്ചേവ് ചൈനയിൽനിന്നു പോയതിനുശേഷം തിയാനൻമെൻചത്വരത്തിലെ പ്രകടനം നിരോധിക്കപ്പെട്ടു. ബെയ്ജിങ്ങിലെ ഏതാനും പ്രദേശങ്ങളിൽ പട്ടാളനിയമം പ്രഖ്യാപിക്കപ്പെട്ടു. വൻതോതിൽ പട്ടാളം അങ്ങോട്ടു നീങ്ങുകയുംചെയ്തു. എന്നാൽ, ആദ്യം ബെയ്ജിങ്ങിലെത്തിയ പട്ടാളവിഭാഗം വിദ്യാർത്ഥികളുടെമേൽ വെടിയുണ്ട വർഷിക്കാൻ വിസമ്മതിച്ചുവത്രെ. വയോ

വൃദ്ധനായ ഡെങ്ങ് സ്യാവോ പിങ്ങ് ധൃതിയിൽ ഒരു പര്യടനം നടത്തി. വൂഹാൻ നഗരത്തിൽവെച്ച് പല സൈനികനേതാക്കളെയും കണ്ട് അവരുടെ പിന്തുണ സമ്പാദിച്ചു. ഇതിനുശേഷമാണ് മറെറാരു സേനാവിഭാഗം തിയാനൻമെൻചത്വരത്തിലെ വിദ്യാർത്ഥികളെ അവിടെനിന്ന് നീക്കാൻ സന്നദ്ധമായി രംഗത്തു വന്നതു്.

ജനാധിപത്യത്തിനും പൗരസ്വാതന്ത്ര്യങ്ങൾക്കും വേണ്ടിയുള്ള ദാഹം സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളിൽ ശക്തിപ്പെട്ടുകൊണ്ടിരിക്കുകയാണ്. സോവിയററ് യൂനിയനിൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതാക്കളാണ് ജനാധിപത്യവത്കരണപ്രസ്ഥാനത്തിനു നേതൃത്വം നല്കുന്നതു്. ചൈനയിൽ പാർട്ടി നേതൃത്വം വ്യവസായരംഗത്തു മുതലാളിത്തസമ്പ്രദായങ്ങൾ ഏർപ്പെടുത്തുന്നതിൽ വൈമുഖ്യം പ്രദർശിപ്പിക്കുന്നില്ല. എന്നാൽ, ഭരണരംഗത്തും രാഷ്ട്രീയരംഗത്തും സാമൂഹ്യരംഗത്തും കൂടുതൽ ജനാധിപത്യവത്കരണത്തെ അവർ എതിർക്കുന്നു. ചൈനയിൽ ജനാധിപത്യത്തിനു വേണ്ടിയുള്ള പ്രക്ഷോഭത്തിന്റെ മുന്നണിപ്പടയാളികൾ വിദ്യാർത്ഥികളാണ്. സാവോസിയാങ്ങിനെപ്പോലെ ഏതാനും കമ്യൂണിസ്റ്റ്പാർട്ടി നേതാക്കൾ വിദ്യാർത്ഥികളെ അനുകൂലിക്കുന്നുണ്ടാവാം. പക്ഷേ, അവർ ചെറിയൊരു ന്യൂനപക്ഷം മാത്രമാണ്. അവരെ തല്ക്കാലത്തേക്കെങ്കിലും നിശ്ശബ്ദരാക്കാൻ ജനാധിപത്യവിമുഖരായ യാഥാസ്ഥിതികനേതാക്കൾക്ക് കഴിഞ്ഞിട്ടുണ്ട്.

പട്ടാളത്തിന്റെ സ്ഥിതിയോ? ചൈനീസ് പട്ടാളത്തിലും ജനാധിപത്യത്തിനുവേണ്ടി നിലകൊള്ളുന്നവർ ഉണ്ടെന്നതിൽ സംശയമില്ല. ചൈനീസ് രാജ്യരക്ഷാമന്ത്രി ക്വിൻജി വൈ സാവോസിയാങ്ങിന്റെ അനുകൂലിയാണെന്നും അദ്ദേഹമാണ് തുടക്കത്തിൽ പട്ടാളക്കാരിൽനിന്നു വിദ്യാർത്ഥികളെ രക്ഷിച്ചതെന്നും പറയപ്പെടുന്നു. മുമ്പത്തെ ജനകീയ വിമോചനസേനയുടെ അധിപതി യാങ്ങ്ദേസി, മുമ്പത്തെ രാജ്യരക്ഷാമന്ത്രി സാങ്ങ്ഐപിങ്ങ് എന്നിവരും നൂറോളം റിട്ടയേർഡ് സൈനികോദ്യോഗസ്ഥന്മാരും ഒപ്പിട്ട ഒരു കത്തു് 1989 മെയ് മാസത്തിൽ 'പീപ്പിൾസ് ഡെയ്‌ലി' പത്രത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. ജനകീയ സേന ജനങ്ങളുടേതാകയാൽ, ജനങ്ങളെ അമർച്ചചെയ്യാൻ ജനകീയ സേനയെ ഉപയോഗിക്കരുതെന്ന് ഈ കത്തിൽ പറഞ്ഞിരുന്നു.

അതേ സമയം യാഥാസ്ഥിതിക-കമ്യൂണിസ്റ്റ്-നേതാക്കൾക്ക് സൈന്യത്തിലുള്ള സ്വാധീനത്തെ ആർക്കും നിഷേധിക്കാനാവില്ല. ഇപ്പോൾ ചൈനയുടെ പ്രസിഡണ്ട് യാങ്ങ്ഷാങ്ങ്കുൻ ആണ്. ഇയാളുടെ മകളുടെ ഭർത്താവായ ചിഹാവോതിയാൻ ആണ് സർവ സേനാധിപതി. (ചീഫ് ഓഫ് ജനറൽ സ്റ്റാഫ്). അയാളുടെ അനുജൻ യാങ്ങ്ബൈബാങ്ങ് ജനകീയ സേനയുടെ രാഷ്ട്രീയ വകുപ്പിന്റെ ഡയറക്ടർ ആകുന്നു. പല പ്രാദേശിക സേനാവിഭാഗങ്ങളിലെയും ഉയർന്ന ഉദ്യോഗസ്ഥന്മാരെ വശത്താക്കാൻ ഇവർക്കു കഴിഞ്ഞിട്ടുണ്ടെന്നു സ്പഷ്ടം.

ഏതായാലും ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിക്കകത്തുള്ളതുപോലെ വൈരുദ്ധ്യങ്ങൾ ജനകീയ സേനയ്ക്കകത്തും ഉണ്ടായിക്കൂടെന്നില്ല.

അഹിംസാത്മകമായ ഒരു ജനകീയസമരമാണ് ചൈനയിലെ വിദ്യാർത്ഥികൾ തിയാനൻമെൻചത്വരത്തിൽ നടത്തിയതു്. അതിലവർ പരാജയപ്പെട്ടിരിക്കുന്നു. ഇനി, വിജയംവരെ ഈ സമരം തുടർന്നു നടത്താൻ വേണ്ട സംഘടന അവർക്കുണ്ടോ? സമരാനുകൂലികളെ തങ്ങളുടെ അണികളിൽ ഉറപ്പിച്ചുനിർത്താൻ ആവശ്യമായ നിർമാണപരിപാടികളുണ്ടോ? സർവോപരി, ജനാധിപത്യ സ്വാതന്ത്ര്യമെന്ന ആദർശത്തിനുവേണ്ടി സർവസ്വവും സമർപ്പിക്കാൻ അവരിൽ എത്ര പേർ തയ്യാറാണ്?

ഇത്തരം ചോദ്യങ്ങളുടെ ഉത്തരം ഇനിയങ്ങോട്ടു വെളിപ്പെടേണ്ടിയിരിക്കുന്നു.

17 ജൂൺ, 1989